ഹദീസ്

ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# വഴിതെറ്റിക്കുന്ന ദേഹേഛരകൾ

عَنْ أَبِي بَرْزَةَ ، رَضِيَ اللَّهُ عَنْهُ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّمَا أَخْشَى عَلَيْكُمْ
شَهَوَاتِ الْغَيِّ فِي بُطُونِكُمْ وَفُرُوجِكُمْ وَمُضِلَّاتِ الْأَهْوَاءِ (رواه احمد)

**അബൂബർസ(റ)യിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'നിങ്ങളുടെ കാര്യത്തിൽ ഞാൻ പേടിക്കുന്നത് ഉദരത്തിന്റെയും ലിംഗത്തിന്റെയും കാര്യത്തിലുള്ള ദുഷ്ട വികാരങ്ങളെയും വഴിതെറ്റിക്കുന്ന സ്വേഛരകളെയുമാണ്' (അഹ്മദ്)**

അധികമാളുകളെയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന ദേഹേഛരകളുടെയും മ്ലേഛ വികാരങ്ങളുടെയും അപകടത്തെ കുറിച്ചാണ് ഈ നബിവചനം.

വിശുദ്ധ ഖുർആനും ഇക്കാര്യം പലയിടങ്ങളിലും വ്യക്തമാക്കുന്നുണ്ട്. അല്ലാഹു പറഞ്ഞു:

'സ്ത്രീകൾ, മക്കൾ, സ്വർണത്തിന്റെയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിയിടങ്ങൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള മോഹം മനുഷ്യർക്ക് ചേതോഹരമാക്കിയിരിക്കുന്നു. അതൊക്കെയും ഐഹികജീവിതത്തിലെ സുഖഭോഗ വിഭവങ്ങളാണ്. എന്നാൽ ഏറ്റവും ഉത്തമമായ സങ്കേതം അല്ലാഹുവിങ്കലാകുന്നു' (3:14).

ദേഹത്തിന്റെ ദുരാഗ്രഹങ്ങളുടെ പിറകെ ഓടുന്നത് അവയെ ഇലാഹാക്കുന്നതിന് തുല്യമാണെന്ന് വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നൽകുന്നുണ്ട് (*അൽജാസിയ*: 23).

അല്ലാഹുവിന്റെ മാർഗത്തെ കൈവെടിഞ്ഞ് ദുരാഗ്രഹങ്ങളെ അനുഗമിക്കുന്നവർ സത്യത്തിൽ നിന്നും അങ്ങേയറ്റം വഴി തെറ്റിപ്പോയവരാണെന്ന് മറ്റൊരിടത്ത് (*അൽ ഖസ്വസ്*: 50) പ്രഖ്യാപിക്കുന്നു.

അല്ലാഹുവിനെ ഭയന്ന് സ്വേഛരയെ കൈവെടിഞ്ഞവർക്കാണ് സ്വർഗമെന്ന് അത് വിളംബരം ചെയ്യുന്നു(*അന്നാസിആത്*: 40)

തന്റെ അഭിപ്രായങ്ങളും തീരുമാനങ്ങളും അല്ലാഹുവിന്റെയും റസൂലിന്റെയും വിധികൾക്ക് വിരുദ്ധമാണെങ്കിൽ അവ ത്യജിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. രക്ഷയും അന്തിമ വിജയവും ശരീഅത്തിന്റെ നിയമങ്ങളിൽ മാത്രമാണുള്ളത്.

നബി (സ) പറഞ്ഞു: 'മൂന്ന് കാര്യങ്ങൾ നാശകാരികളാണ്: അനുസരിക്കപ്പെടുന്ന പിശുക്ക്, അനുവർത്തിക്കപ്പെടുന്ന ദുരാഗ്രഹം, സ്വയം പൊങ്ങച്ചം നടിക്കൽ' (ബൈഹഖി).

ജനങ്ങളെ നാശത്തിലും നരകത്തിലും വീഴ്ത്താനായി പിശാച് പ്രയോഗിക്കുന്ന മാരകായുധങ്ങളിൽ ഒന്നാണ് ദേഹേഛ.

'സ്വർഗം നീരസങ്ങളാലും നരകം രസങ്ങളാലും വലയം ചെയ്യപ്പെട്ടിരിക്കുന്നു' എന്ന് നബി (സ) നമ്മെ ഉണർത്തിയിട്ടുണ്ട് (ബുഖാരി, മുസ്ലിം).

അബ്ദുല്ലാഹിബ്നു ഔൻ (റ) പറഞ്ഞു: 'ഹൃദയത്തെ ദുരാഗ്രഹങ്ങൾ അതിജയിച്ചാൽ തിന്മയായി മനസ്സിലാക്കിയതെല്ലാം നല്ലതായി തോന്നും. ഇഛരകളെ അനുഗമിച്ചാൽ അത് ഇസ്ലാമിൽനിന്ന് വ്യതിചലിപ്പിക്കാനിടയാക്കും. കാരണം ശാരീരികേഛരകൾ എല്ലാ സമയത്തും ശരീഅത്ത് നിയമങ്ങളെ അംഗീകരിക്കണമെന്നില്ല. വിശുദ്ധ ഖുർആൻ പറഞ്ഞു:

പിന്നീട് നിന്നെ നാം ഇക്കാര്യത്തിൽ വ്യക്തമായ നിയമവ്യവസ്ഥയിലാക്കിയിരിക്കുന്നു. അതിനാൽ നീ ആ മാർഗം പിന്തുടരുക. വിവരമില്ലാത്തവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്' (45:18).

ഇമാം ശാത്വിബി എഴുതി: 'ദീനിലെ നവ ചിന്തകൾ ജഢികേഛരകളുടെ പ്രതിഫലനങ്ങളാണ്. കാരണം ബുദ്ധി ഇസ്ലാമിക ശരീഅത്തിനെ അനുഗമിക്കുന്നില്ലെങ്കിൽ പിന്നെ ചീത്ത ചിന്തകളും ദുർവികാരങ്ങളും മാത്രമേ അവശേഷിക്കുകയുള്ളൂ. തന്നിഷ്ടങ്ങൾ പിൻപറ്റുന്നതിലൂടെ വ്യക്തമായ ദുർമാർഗത്തിലാണെത്തുക. അല്ലാഹു പറഞ്ഞു: 'അല്ലയോ ദാവൂദ്, നിശ്ചയമായും നിന്നെ നാം ഭൂമിയിൽ നമ്മുടെ പ്രതിനിധിയാക്കിയിരിക്കുന്നു. അതിനാൽ ജനങ്ങൾക്കിടയിൽ നീതിപൂർവം ഭരണം നടത്തുക. തന്നിഷ്ടത്തെ പിൻപറ്റരുത്. അത് നിന്നെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തെറ്റിക്കും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്. അവർ വിചാരണ നാളിനെ മറന്നു കളഞ്ഞതിനാലാണിത്' (*സ്വാദ്*: 26).

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ (റ) പറഞ്ഞു: 'മനുഷ്യൻ കടുത്ത അക്രമിയും അവിവേകിയുമായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വിവരമില്ലായ്മയും തിന്മയിലേക്കുള്ള ആകർഷണീയതയും അവന്റെ സൃഷ്ടിപ്പിന്റെ ഭാഗമാണ്. അജ്ഞതയില്ലാതാക്കാൻ വ്യക്തമായ വിജ്ഞാനം അനിവാര്യമാണ്. ഇല്ലെങ്കിൽ അവന്റെ അവിവേകവും അക്രമവും സത്യപാതയിൽ നിന്ന് അവനെ അകറ്റും' (അൽ ഫതാവാ).

ആഹാരത്തിന്റെ കാര്യത്തിലാണ് ദുർമോഹങ്ങൾ കൂടുതൽ കടന്ന് വരിക എന്നാണ് ഹദീസ് സൂചിപ്പിക്കുന്നത്.

ഇമാം ഗസ്സാലി എഴുതി:

'വയറിന്റെ ആശകളാണ് മനുഷ്യനെ വഴി തെറ്റിക്കുന്നതിൽ മുന്നിലുള്ളത്. അതാണല്ലോ ആദമിനെയും ഹവ്വയെയും സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കിയത്. വിരോധിക്കപ്പെട്ട മരത്തിലെ പഴം കഴിച്ചതോടെയാണവർ പാപ്പരത്തത്തിന്റെ ഭൂമിയിലെത്തിയത്. ദുരാഗ്രഹങ്ങളുടെ കേദാരമാണ് ഉദരം. രോഗങ്ങളും വിപത്തുകളും അവിടെ നിന്നാണ് ഉത്ഭവിക്കുന്നത്. കാമവും വികാരവും ഉത്തേജിപ്പിക്കുന്നതാണത്. സ്വത്തും സ്ഥാനമാനങ്ങളും നേടിയെടുക്കാനുള്ള മോഹമുണ്ടാക്കുന്നതും ഇത് തന്നെ. അത്യാഗ്രഹങ്ങൾ പരസ്പരം കലഹത്തിലേക്കും അക്രമങ്ങളിലേക്കും നയിക്കുന്നു' (ഇഹ്‌യാ ഉലൂമിദ്ദീൻ).

തന്റെ സമൂഹം നിഷിദ്ധ മാർഗേണ ലൈംഗിക വികാരങ്ങൾ ശമിപ്പിക്കുന്നതിനെയും അല്ലാഹുവിന്റെ റസൂൽ ഭയപ്പെട്ടു. ലൈംഗിക വികാരങ്ങൾ ഉത്തേജിപ്പിച്ച് മനുഷ്യരെ വഴിതെറ്റിക്കുക എന്നതും പിശാചിന്റെ രീതിയാണ്. ഇതിൽ നിന്ന് വിശ്വാസികൾ രക്ഷപ്പെടണമെന്നും അല്ലാഹുവും റസൂലും ആവശ്യപ്പെടുന്നുണ്ട്. 'ഗുഹ്യതകൾ സൂക്ഷിക്കുന്നവരാണവർ' എന്ന് വിജയം വരിക്കുന്ന വിശ്വാസികളുടെ സവിശേഷതയായി വിശുദ്ധ ഖുർആൻ എണ്ണുന്നു (23:5).

ഇക്കാര്യം ധാരാളം ഹദീസുകളിലൂടെ നബി (സ)യും വിശ്വാസികളെ ഉണർത്തുന്നുണ്ട്. നബി (സ) പറഞ്ഞു: 'ആറ് കാര്യങ്ങളിൽ നിങ്ങളെനിക്ക് ഉറപ്പ് നൽകിയാൽ ഞാൻ നിങ്ങൾക്ക് സ്വർഗം ഉറപ്പ് നൽകാം. സത്യം മാത്രം പറയുക, കരാർ പാലിക്കുക, അമാനത്തുകൾ നിർവഹിക്കുക, ഗുഹ്യാവയവത്തെ സൂക്ഷിക്കുക, കണ്ണുകൾ താഴ്ത്തുക, ആരെയും അക്രമിക്കാതിരിക്കുക' (അഹ്മദ്).

ഇമാം അർറാഗിബ് എഴുതി: 'തന്നിഷ്ടങ്ങൾ മനുഷ്യരിൽ പണ്ട് മുതലേ നിലനിൽക്കുന്ന ഒന്നാണ്. മനുഷ്യർ മൃഗങ്ങളിൽനിന്ന് വേറിട്ട് നിൽക്കുന്നത് ദേഹേഛയുടെ അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുമ്പോഴാണ്. ഇല്ലെങ്കിൽ അതവനെ ഉപദ്രവിക്കും. ചതിക്കും. സ്വർഗ പാതയിൽ നിന്ന് വ്യതിചലിപ്പിക്കും. അതിനെ പരാജയപ്പെടുത്തുന്നതോടെ അവൻ പൂർണ സ്വാതന്ത്ര്യം നേടുന്നു. അതോടെ ആവശ്യങ്ങൾ പരിമിതമാവുന്നു. മറ്റുള്ളവരുടെ അനുഗ്രഹങ്ങളിൽ അസൂയയില്ലാതാവുന്നു.

ഇവിടെ പ്രത്യേകം മനസ്സിലാക്കേണ്ട ഒരു കാര്യമിതാണ്: കയറൂരിവിട്ട വികാരങ്ങളാണ് ആക്ഷേപാർഹമായിട്ടുള്ളത്. വിശുദ്ധ വികാരങ്ങൾ വിജയത്തിലേക്കുള്ള വഴിയാണ്. പാരത്രിക വിജയം നേടാനും അത് അനിവാര്യമാണ്. കാരണം ഇബാദതുകളിലൂടെയാണല്ലോ പാരത്രിക വിജയം നേടാനാവുക. അതിന് ആരോഗ്യത്തോടെ ജീവിക്കണം. അതിന് ശരീരത്തെ സംരക്ഷിക്കേണ്ടതുണ്ട്. ഇതിനായി ശരീരം ആഗ്രഹിക്കുന്നവ നൽകണം. ആഹാരം പോലെയുള്ളവ വേണം. അതാവട്ടെ ആശയില്ലാതെ പൂർത്തിയാവില്ല. അപ്പോൾ വികാരങ്ങളും ആഗ്രഹങ്ങളും അനിവാര്യമാണ്. പക്ഷെ, ഉപദ്രവം ഭയപ്പെടുന്ന ശത്രുവിനെപ്പോലെയും ഉപകാരം പ്രതീക്ഷിക്കുന്ന മിത്രത്തെപ്പോലെയുമാണ് അതിനോട് ഇടപഴകേണ്ടത്.'

ലിബറലിസം പോലുള്ള ആധുനിക ജീവിത കാഴ്ചപ്പാടുകൾ ദുരാഗ്രഹങ്ങളുടെയും ദുർവികാരങ്ങളുടെയും പുതിയ വകഭേദങ്ങളാണ്. ധർമത്തിന്റെയും മൂല്യങ്ങളുടെയും അതിരുകൾ ലംഘിക്കുന്ന സ്വാതന്ത്ര്യം സമൂഹത്തെ സർവനാശത്തിലേക്കാണ് നയിക്കുക. മാനവരുടെ ഇഹവും പരവും നശിപ്പിക്കാൻ പിശാചിന്റെ കൈയിലുള്ള വജ്രായുധമാണ് കടിഞ്ഞാണില്ലാത്ത തന്നിഷ്ടങ്ങൾ. അത്തരം സ്വാഭീഷ്ടങ്ങളെ അകറ്റി നിർത്തുന്നവർക്കേ അന്തിമ വിജയം നേടാനാവൂ.

'അതിനാൽ അന്ത്യദിനത്തിൽ വിശ്വസിക്കാതിരിക്കുകയും തന്നിഷ്ടങ്ങളെ പിൻപറ്റുകയും ചെയ്യുന്നവർ നിന്നെ വിശ്വാസത്തിന്റെ വഴിയിൽനിന്ന് തെറ്റിച്ചു കളയാതിരിക്കട്ടെ. അങ്ങനെ സംഭവിച്ചാൽ നീയും നാശത്തിലകപ്പെടും' (വിശുദ്ധ ഖുർആൻ 20:16). ●